LIBRARY ARCHIVES Kerala Legislative Assembly

യൂണിഫോം ധരിക്കാത്ത ചെക്കിംഗ് ഇൻസ്പെക്ടർമാർക്കെതിരെ നടപടി

350 (2225) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ചെക്കിംഗ് ഇൻസ്പെക്ടർമാർക്ക് യൂണിഫോം നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് യൂണിഫോം അലവൻസ് നൽകുന്നുണ്ടോ; എത്ര തുകയാണ് നൽകുന്നത് ; വിശദമാക്കാമോ ;

(സി) 2014-15 സാമ്പത്തിക വർഷം യൂണിഫോം അലവൻസ് കൈപ്പറ്റുകയും എന്നാൽ യൂണിഫോം ധരിക്കാത്തതുമായ ഉദ്യോഗസ്ഥരെ സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ഡി) ഇത്തരം കേസുകളിൽ കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇൻസ്പെക്ടർമാർ നിശ്ചിത യൂണിഫോം ധരിച്ചുകൊണ്ടുമാത്രമേ ജോലി ചെയ്യാൻ പാടുള്ളൂ. എന്നാൽ ജനറൽ കൺട്രോളിംഗ് ഇൻസ്പെക്ടർ, സർപ്രൈസ് സ്ക്വാഡ് യൂണിറ്റിലെ ഇൻസ്പെക്ടർമാർ എന്നിവർക്ക് ഡ്യൂട്ടി സമയത്ത് യൂണിഫോം ധരിക്കുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്.

(ബി) നൽകുന്നുണ്ട്. പുതുക്കിയ സേവനവേതനകരാർ പ്രകാരം നിലവിൽ പ്രതിവർഷം 1250 രൂപയാണ് ഇൻസ്പെക്ടർമാർക്ക് യൂണിഫോം അലവൻസായി നൽകിവരുന്നത്.

(സി) 2014-15 സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി.-യിൽ ഒരു ജീവനക്കാരനും യൂണിഫോം അലവൻസ് അനുവദിച്ചിട്ടില്ല. ആയതിനാൽ യൂണിഫോം ധരിക്കാത്ത ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടില്ല.

(ഡി) യൂണിഫോം അലവൻസ് കൈപ്പറ്റുന്ന ജീവനക്കാർക്ക് നിർബന്ധമായും യൂണിഫോം ധരിച്ചാകണം ജോലിക്ക് ഹാജരാകേണ്ടതെന്നും അല്ലാത്തവരെ ജോലിയിൽനിന്ന് മാറ്റി നിർത്തണമെന്നുമുള്ള കർശന നിർദ്ദേശം എല്ലാ യൂണിറ്റധികാരികൾക്കും നൽകുകയും അതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ

351 (2226) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് ലോഫ്ലോർ ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) പുനലൂർനിന്നും തെങ്കാശിവഴി മധുരയിലേക്കും പുനലൂർനിന്നും കോയമ്പത്തൂരിലേക്കും അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കുമോ ?